തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലെ ഉപകരണ ഇടപാടിലെ അഴിമതി

153 [158] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഏതെല്ലാം ആശുപത്രി ഉപകരണങ്ങളും, രോഗനിർണ്ണയ ഉപകരണങ്ങളുമാണ് വാങ്ങിച്ചതെന്ന് വെളിപ്പെടുത്താമോ;

(ബി) അവ ഏതെല്ലാം കമ്പനികളിൽനിന്ന് എപ്രകാരമാണ് വാങ്ങിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ഉപകരണങ്ങൾ വാങ്ങിയതിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നതായി വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വാങ്ങിയ ഉപകരണങ്ങളുടെ വിവരം താഴെ നൽകുന്നു.

(1) യൂറോ ഡൈനാമിക് മെഷീൻ

(2) ഡീപ് ഫ്രീസർ

(3) ഇലക്ട്രോ ഹൈഡ്രോളിക് ഓപ്പറേഷൻ ടേബിൾ

(4) ഇ.സി.ജി. കം-ഡെഫിബ്രിലേറ്റർ

(5) ഇ.ഇ.ജി. മെഷീൻ

(6) ഇ.സി.ജി. മോണിറ്റർ

(7) ഇലക്ട്രോ സർജിക്കൽ യൂണിറ്റ് വിത്ത് പേസർ

(8) പോർട്ടബിൾ ഐ.സി.യു. വെന്റിലേറ്റർ

(9) ഐ.സി.യു. വെന്റിലേറ്റർ

(10) ഇലക്ട്രോ സർജിക്കൽ യൂണിറ്റ്

(11) പൾസ് ഓക്സി മീറ്റർ

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്മീഷൻ വിളിച്ച് എച്ച്.ഡി.എസ്. വാങ്ങിയ ഉപകരണങ്ങളും കമ്പനികളുടെ പേരും താഴെ വിവരിക്കുന്നു.

(1) ഇലക്ട്രോ സർജിക്കൽ യൂണിറ്റ് വിത്ത് പേസർ—മെഡിക്യൂട്സ് ഇങ്ക്, തിരുവനന്തപുരം.

(2) ഐ.സി.യു. വെന്റിലേറ്റർ—മെഡിക്യൂട്സ് ഇങ്ക്, തിരുവനന്തപുരം.

(3) പൾസ് ഓക്സീമീറ്റർ—മെഡിക്യൂട്സ് ഇങ്ക്, തിരുവനന്തപുരം.

ഡി.എം.ഇ.-യുടെ തലത്തിൽ ടെണ്ടർ വിളിച്ചു വാങ്ങിയ ഉപകരണങ്ങളും കമ്പനിയുടെ പേരും താഴെ നൽകുന്നു.

(1) യൂറോ ഡൈനാമിക് മെഷീൻ—സ്റ്റാറ്റസ് മെഡിക്കൽ എക്യൂപ്മെന്റ്, കൊച്ചി.

(2) ഡീപ്പ് ഫ്രീസർ—ബയോ സയന്റിഫിക് സിസ്റ്റം

(3) ഇലക്ട്രോ ഹൈഡ്രോളിക് ഓപ്പറേഷൻ ടേബിൾ—സൗത്ത് ഇന്ത്യ സർജിക്കൽ ലിമിറ്റഡ്, ചെന്നൈ.

(4) ഇ.സി.ജി. കം-ഡെഫിബ്രിലേറ്റർ—വഞ്ചിനാട് മെഡിക്കൽ സിസ്റ്റം, തിരുവനന്തപുരം.

(5) ഇ.ഇ.ജി. മെഷീൻ—റെക്കോഡേഴ്സ് ആന്റ് മെഡി കെയർ സിസ്റ്റം, കൊച്ചി.

(6) ഇ.സി.ജി. മോണിറ്റർ—ഹാമിൽട്ടൺ ആന്റ് ബെയ്ലി, തിരുവനന്തപുരം.

(7) പോർട്ടബിൾ ഐ.സി.യു. വെന്റിലേറ്റർ—മെഡിക്യൂട്സ് ഇന്ത്യ ലിമിറ്റഡ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഓപ്പറേഷൻ തീയേറ്ററുകളുടെ പ്രവർത്തനം

154 [159] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഓപ്പറേഷൻ തീയേറ്ററുകൾ പുതുക്കിപ്പണിത് പ്രവർത്തനം ആരംഭിച്ചത് എന്നാണെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly